10
2024
സെപ്റ്റംബർ
ചൊവ്വ
ചിങ്ങം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.263 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-263 പേജ് 4. വില 2.00 രൂപ

02 കുട്ടികൾക്ക് ഓണത്തിന് 5 കിലോ അരി വിതരണം ചെയ്യുന്നത് ഭക്ഷ്യഭദ്രത ഉറപ്പുവരുത്താൻ: മന്ത്രി
03 ക്ഷീരകർഷകർക്ക് ഓണ സമ്മാനമായി ഓണ മധുരം പദ്ധതി
04 അജിത് കുമാറിനെ മാറ്റിനിർത്തണം; ഇൻറലിജൻസ് നിരീക്ഷിക്കണമെന്നും അൻവർ

# രാജ്യത്ത് എംപോക്സ് സ്ഥിരീകരിച്ചു; ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു

ഡൽഹി: വിദേശത്തു നിന്നുവന്ന യുവാവിന് മങ്കിപോക്സ് സ്ഥിരീകരിച്ചതിനാൽ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. രോഗലക്ഷണങ്ങളോടെ ഡൽഹിയിൽ നിരീക്ഷണത്തിലായിരുന്ന യുവാവിനാണ് രോഗബാധ സ്ഥിരീകരിച്ചത്.

നിലവിൽ യുവാവിനെ ഐസൊലേഷനിൽ പാർപ്പിച്ചിരിക്കുകയാണെന്നും ആരോഗ്യ നില മെച്ചപ്പെടുന്നതായും കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. വെസ്റ്റ് ആഫ്രിക്കൻ ക്ലേഡ് 2 ടൈപ്പ് എംപോക്സാണ് സ്ഥിരീകരിച്ചത്.

ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ച നിലവിലുള്ള ആരോഗ്യ അടിയന്തരാവസ്ഥയ്ക്ക് കാരണമായിട്ടുള്ള വൈറസല്ല ഇതെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. ആഫ്രിക്കയിൽ നിലവിൽ പടരുന്നത് ക്ലേഡ് 1 എംപോക്സ് വൈറസാണ്. ക്ലേഡ് 2നേക്കാൾ അപകടകാരിയായ വൈറസാണിത്.

രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ സമ്പർക്കപ്പട്ടിക തയാറാക്കാനുള്ള നടപടി സ്വീകരിച്ചതായും സ്ഥിതിഗതികൾ നിരീക്ഷിച്ചു വരുന്നതായും അധികൃതർ അറിയിച്ചു. നേരത്തെ പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിച്ച യുവാവിന്റെ സാംപിളുകൾ നെഗറ്റീവായിരുന്നു.




## ആത്മഹത്യക്കെതിരെ വാക്കത്തോൺ




തിരുവനന്തപുരം: ആത്മഹത്യ മുനമ്പിൽ നിന്നും വിലപ്പെട്ട മനുഷ്യ ജീവനുകൾ സംരക്ഷിക്കുക.അവരെ ബോധവൽക്കരിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരിക.ഇന്നു 'ആത്മഹത്യ പ്രതിരോധ ദിന'മാണ്.ഈ ദിനത്തിൽ ആത്മഹത്യക്കെതിരെ ബോധവൽക്കരണം നടത്തുവാനും ദുർബലരായവർക്ക് വേണ്ട പരിചരണം നൽകുവാനും അനന്തപുരിയിൽ 'വാക്ക് ഫോർ ലൈഫ്' എന്ന പേരിൽ വാക്കത്തോൺ നടത്തുന്നു. ലോകത്തിലെ ഏറ്റവും പ്രമുഖമായ ബിസ്സിനസ് റഫറൽ സംഘടനയായ ബിസ്സിനസ്സ് നെറ്റ്‌വർക്ക് ഇന്റെർനാഷണലിന്റെ തിരുവനന്തപുരം ചാപ്റ്ററായ ബി.എൻ എൽ. മൊണാർക്സിന്റെ ആഭിമുഖ്യത്തിലാണ് വാക്കത്തോൺ സംഘടിപ്പിക്കുന്നത്.

ജീവിതത്തിന്റെ എല്ലാ തുറകളിലും ഉള്ളവർക്ക് കുടുംബസമേതം വാക്കത്തോണിൽ പങ്കടുക്കാം.ഇതിനോടനുബന്ധിച്ചു സൗജന്യ കൗൺസിലിംഗും,മാനസീകരോഗ്യ ബോധവൽക്കരണവും ആവിശ്യമുള്ളവർക്കു നൽകുമെന്ന് ബിഎൻഐ മൊണാർക് പ്രസിഡന്റ് ഷിബു സുരേന്ദ്രൻ പത്രസമ്മേളനത്തിൽ പറഞ്ഞു.ബിസ്സിനസ് റഫറൽ സംഘടനയായ ബിഎൻഐയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ വികാസ് അഗർവാൾ, മൈൻഡ് പോർട് ഡയറക്ടറും,സൈക്കോളജിസ്റ്റുമായ ശാരികമേനോൻ, എക്സിറ്റോ ഇവന്റ് എംഡി.സുജിത് തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## ഫ്രാൻസിസ് മാർപാപ്പ വാനിമോയിലെത്തിയത് ഒരു ടൺ മരുന്നുമായി

പോർട്ട് മോറെസ്ബി: പാപ്പുവ ന്യൂഗിനിയ സന്ദർശിക്കുന്ന ഫ്രാൻസിസ് മാർപാപ്പ രാജ്യത്തെ ഏറ്റവും പിന്നാക്ക മേഖലയായ വാനിമോയിൽ ഇന്നലെ എത്തിയത് ഒരു ടൺ മരുന്നും കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളും വസ്ത്രങ്ങളുമായി. തലസ്ഥാനമായ പോർട്ട് മോറെസ്ബിയിൽനിന്ന് ഓസ്ട്രേലിയൻ വ്യോമസേനയുടെ സി130 വിമാനത്തിലാണു മാർപാപ്പ വാനിമോയിലെത്തിയത്. നിരക്ഷരരും ദരിദ്രരുമായ 11,000 പേരാണ് തലസ്ഥാനനഗരിയിൽനിന്നും 994 കിലോമീറ്റർ അകലെയുള്ള വനത്താലും സമുദ്രത്താലും ചുറ്റപ്പെട്ട വാനിമോയിലുള്ളത്.

അർജൻറീനയിൽനിന്നുള്ള നിരവധി മിഷനറിമാരാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും സ്ഥാപിച്ച് ഈ ദരിദ്രജനവിഭാഗങ്ങൾക്കിടയിൽ ശുശ്രൂഷ ചെയ്യുന്നത്. മേഖലയിലെ മിഷനറിമാരുമായി മാർപാപ്പ ഇന്നലെ പ്രത്യേക കൂടിക്കാഴ്ച നടത്തി. വാനിമോ സന്ദർശനത്തിനുശേഷം തലസ്ഥാനനഗരിയിൽ മടങ്ങിയെത്തിയ മാർപാപ്പ ഇന്ന് കിഴക്കൻ ടിമോറിലേക്കു തിരിക്കും. രണ്ടുദിവസത്തെ കിഴക്കൻ ടിമോർ സന്ദർശനത്തിനുശേഷം 11ന് മാർപാപ്പ സിംഗപ്പൂരിലെത്തും. 13ന് വത്തിക്കാനിലേക്ക് മടങ്ങും.

## നിയുക്തി 2024 മെഗാ തൊഴിൽമേള ഉദ്ഘാടനം ചെയ്തു

സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ തൊഴിൽ രംഗം ശക്തിപ്പെടുത്തണമെന്നും ഈ ലക്ഷ്യത്തോടെയാണ് സർക്കാർ സൗജന്യ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ വഴുതക്കാട് വിമെൻസ് കോളേജിൽ സംഘടിപ്പിച്ച നിയുക്തി 2024 മെഗാ തൊഴിൽമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസം, തൊഴിൽ, ശാസ്ത്രം , സാങ്കേതികം, ആരോഗ്യം തുടങ്ങി നിരവധി മേഖലകളിൽ കേരളം മികവു പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്തരം മുന്നേറ്റങ്ങൾക്കൊപ്പം തന്നെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും കേരളം ബദ്ധശ്രദ്ധരാണെന്നും മന്ത്രി വ്യക്തമാക്കി. ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസ സാങ്കേതിക രംഗങ്ങളിൽ ദ്രുതഗതിയിലുണ്ടായ വളർച്ച തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതകളനുസരിച്ച് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. സർക്കാർ മേഖലയിലെ തൊഴിലവസരങ്ങൾ വളരെ പരിമിതമാണ്. തൊഴിൽ മേഖലയിലെ മാറിവരുന്ന പ്രവണതകൾ മനസിലാക്കി, ലഭ്യമായ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ ഉതകുന്ന തൊഴിൽ സാഹചര്യം ഒരുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നിയുക്തി മെഗാതൊഴിൽമേളകൾ ആരംഭിച്ചിട്ടുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു. 5000 ഒഴിവുകളാണ് ലഭ്യമായിട്ടുള്ളത്.

## പട്ടം എസ് യു ടി ആശുപത്രിയിൽ ലോക ഫിസിയോതെറാപ്പി ദിനം ആചരിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ ലോക ഫിസിയോതെറാപ്പി ദിനം ആചരിച്ചു. 'ലോ ബാക്ക് പെയ്ൻ (എൽബിപി) എന്ന അവസ്ഥ നിയന്ത്രിക്കുന്നതിലും പ്രതിരോധിക്കുന്നതിലും ഫിസിയോതെറാപ്പിയുടെ പങ്ക്' എന്ന വിഷയത്തിൽ ഊന്നൽ നൽകികൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി അധ്യക്ഷത വഹിച്ച ചടങ്ങ് ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിയോതെറാപ്പിസ്റ്റ്സ് (ഐഎപി) കേരള പ്രസിഡന്റും കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ കൗൺസിൽ അംഗവുമായ ശ്രീജിത്ത് എം നമ്പൂതിരി ഉദ്ഘാടനം ചെയ്തു.

നടുവ് വേദന നിയന്ത്രിക്കുന്നതിലും തടയുന്നതിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും ഇൻവേസിവ് ചികിത്സകളുടെ ആവശ്യകത കുറയ്ക്കുന്നതിലും ഫിസിയോതെറാപ്പി വഹിക്കുന്ന നിർണായക പങ്കിനെ പറ്റി സിഇഒ അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗത്തിൽ എടുത്തു പറയുകയുണ്ടായി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ വി (എച്ച്ഒഡി ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി), ഡോ. എം ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), ഡോ. അനൂപ് എസ് പിള്ള (സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സ്), ഡോ. അയ്യപ്പൻ കെ (സീനിയർ കൺസൾട്ടന്റ് ന്യൂറോളജി) എന്നിവർ ആശംസകൾ അർപ്പിച്ചു. എം അജയ്‌ലാൽ (മാനേജർ ഓഫ് ഫിസിയോതെറാപ്പി) ഉൾപ്പെടെ വിവിധ വകുപ്പുകളുടെ മാനേജർമാരും മറ്റ് ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.





# കുട്ടികൾക്ക് ഓണത്തിന് 5 കിലോ അരി വിതരണം ചെയ്യുന്നത് ഭക്ഷ്യഭദ്രത ഉറപ്പുവരുത്താൻ: മന്ത്രി വി ശിവൻകുട്ടി

***സ്കൂൾ കുട്ടികൾക്കുള്ള ഓണം അരി വിതരണം ഉദ്ഘാടനം ചെയ്തു**

***വെള്ള, നീല കാർഡ് ഉടമകളായ 52 ലക്ഷം കുടുംബങ്ങൾക്ക് ഓണം പ്രമാണിച്ച് 10 കിലോ അധികം അരി നൽകുമെന്ന് മന്ത്രി ജി ആർ അനിൽ**



സ്കൂൾ കുട്ടികൾക്ക് ഓണത്തിന് അഞ്ച് കിലോ അരിവിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കമലേശ്വരം ജി എച്ച് എസ് എസിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഓണത്തിന് 5 കിലോ അരി വീതം വിതരണം ചെയ്യുന്നത് കുട്ടികളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സ്കൂൾ കുട്ടികൾക്ക് ഓണത്തിന് അഞ്ച് കിലോ അരിവിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കമലേശ്വരം ജി എച്ച് എസ് എസിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ ഭരണഘടനയിലെ 47 ാം അനുച്ഛേദത്തിൽ ജനങ്ങളുടെ പോഷകാഹാര നിലവാരവും ജീവിതനിലവാരവും പൊതുആരോഗ്യവും ഉയർത്തുക രാഷ്ട്രത്തിന്റെ പ്രാഥമിക കർത്തവ്യങ്ങളാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള സംസ്ഥാനത്തെ 12027 വിദ്യാലയങ്ങളിലെ പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള 26.22 ലക്ഷം വിദ്യാർഥികൾക്കാണ് 5 കിലോ വീതം അരി വിതരണം ചെയ്യുന്നത്. ഇതിൽ, 2.06 ലക്ഷം കുട്ടികൾ പ്രീപ്രൈമറി വിഭാഗത്തിലും 13.80 ലക്ഷം കുട്ടികൾ പ്രൈമറി വിഭാഗത്തിലും 10.35 ലക്ഷം കുട്ടികൾ അപ്പർ പ്രൈമറി വിഭാഗത്തിലും ഉൾപ്പെടുന്നു. 13,112 മെട്രിക് ടൺ അരിയാണ് ഇതിനായി ആകെ വേണ്ടിവരുന്നതെന്ന് മന്ത്രി പറഞ്ഞു.

ഭക്ഷ്യവകുപ്പിന്റെ സഹകരണത്തോടെയാണ് അരി വിതരണം. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സപ്ലൈക്കോയാണ് അരി സ്കൂളുകളിൽ എത്തിച്ചുനൽകുന്നത്. ഓണാവധി ആരംഭിക്കുന്നതിനു മുൻപായി അരി വിതരണം പൂർത്തീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സപ്ലൈക്കോയുമായി ചേർന്ന് പൊതുവിദ്യാഭ്യാസവകുപ്പ് നടത്തിയിട്ടുണ്ട്. വിതരണത്തിന് സ്കൂളുകളിൽ എത്തിച്ചുനൽകുന്ന അരി പി.ടി.എ, സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി, എസ്.എം.സി, മദർ പി.ടി.എ എന്നിവയുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും ഏറ്റുവാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സ്കൂളുകൾ നടത്തണം. വിതരണം പൂർത്തീകരിക്കുന്നതുവരെ അരി കേടുവരാതെ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യണമെന്ന് മന്ത്രി പറഞ്ഞു.

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ അധ്യക്ഷത വഹിച്ചു. ഓണക്കാലത്തെ വിലവർധന ഒഴിവാക്കാൻ സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുന്നതായി മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ വെള്ളയും നീലയും കാർഡ് ഉടമകളായ 52 ലക്ഷം കുടുംബങ്ങൾക്ക് ഓണം പ്രമാണിച്ച് 10 കിലോ അരി അധികമായി നൽകുമെന്ന് മന്ത്രി പറഞ്ഞു. വിപണിയിൽ 5560 രൂപ വിലയുള്ള ചമ്പാവരി അരിയാണ് റേഷൻകടകൾ വഴി ഇങ്ങിനെ വിതരണം ചെയ്യുന്നത്. ബിപിഎൽ കാർഡുകാർക്കുള്ള 30 കിലോ അരിയിൽ അമ്പത് ശതമാനം ചമ്പാവരി അരി നൽകാനും നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു.

കമലേശ്വരം ജി എച്ച് എസ് എസിലെ എട്ടാംക്ലാസ് വിദ്യാർഥി റിസ്വാന് അഞ്ച് കിലോ അരിയുടെ കിറ്റ് നൽകി ചടങ്ങിൽ മന്ത്രി വി ശിവൻ കുട്ടി വിതരണം ഉദ്ഘാടനം ചെയ്തു. തുടർന്ന് മന്ത്രി ജി ആർ അനിലും വിശിഷ്ടാതിഥികളും കുട്ടികൾക്ക് കിറ്റുകൾ നൽകി.

ആന്റണി രാജു എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, വാർഡ് കൗൺസിലർ വിജയകുമാരി വി, സപ്ലൈക്കോ റിജിയണൽ മാനേജർ എ സജാദ് എന്നിവർ ആശംസകൾ അർപ്പിച്ചു. സ്കൂൾ എസ്എംസി ചെയർപെഴ്സൺ ഷീജ ആർ പി, പ്രിൻസിപ്പൽ സിന്ധു എ സ് ഐ, ഹെഡ്മിസ്ട്രസ് ഷീബ ഈപ്പൻ എന്നിവർ പങ്കെടുത്തു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ് സ്വാഗതവും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ആർ എസ് ഷിബു നന്ദിയും പറഞ്ഞു. സ്കൂൾ വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഗ്രാമപഞ്ചായത്തുകളിൽ കൂടുന്നത് 1,375 വാർഡുകൾ

തിരുവനന്തപുരം: തദ്ദേശ വാർഡ് പുനർവിഭജനത്തിനു മുന്നോടിയായി സംസ്ഥാനത്തെ പഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം വർധിപ്പിച്ചുകൊണ്ടു വിജ്ഞാപനമിറങ്ങി. 941 ഗ്രാമപഞ്ചായത്തുകളിലായി 1375 വാർഡുകളാണു വർധിപ്പിച്ചത്. സംസ്ഥാനത്താകെ 15,962 വാർഡുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇനി 17,337 ആയി ഉയരും. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 2080 വാർഡുകളാണ് ഉണ്ടായിരുന്നത്. ഇനിയത് 2267 ആകും.

ജില്ലാ പഞ്ചായത്തുകളിൽ 15 ഡിവിഷനുകൾ കൂടും. തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോ ഡിവിഷനുമാണ് വർധിക്കുന്നത്. മുനിസിപ്പാലിറ്റി, കോർപറേഷനുകളിൽ വാർഡ് നിർണയ വിജ്ഞാപനം ഇന്നും നാളെയുമായി ഇറങ്ങും. ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡ് വീതം വർധിപ്പിക്കണമെന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ വാർഡ് പുനർനിർണയ കമ്മീഷനെ നിയോഗിച്ചത്. എന്നാൽ, പുതിയ വാർഡുകൾ വന്നപ്പോൾ ഇത് ഒന്നു മുതൽ മൂന്നു വരെയായി ഉയർന്നു. മൊത്തം വാർഡുകളിൽ 50 ശതമാനം വനിതാ സംവരണമാണ്. പട്ടികജാതിവർഗ സംവരണവുമുണ്ട്.

മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ. ഇവിടെ 94 ഗ്രാമപഞ്ചായത്തുകളിലായി 2001 വാർഡുകളാണ് നിലവിൽ വരുന്നത്. ഇപ്പോൾ ഇവിടെ 1778 വാർഡുകളാണുള്ളത്. 223 വാർഡുകൾ മലപ്പുറത്തു പുതുതായി വരും.

കുറവ് വാർഡുകൾ വയനാട് ജില്ലയിലാണ് 23 ഗ്രാമപഞ്ചായത്തുകളിലായി 450 വാർഡുകൾ മാത്രമാകും ഇവിടെയുണ്ടാവുക. നിലവിൽ ഇവിടെ 23 പഞ്ചായത്തുകളിലായി 413 വാർഡുകളാണ് നിലവിലുള്ളത്. 37 വാർഡുകളുടെ വർധന മാത്രമാണ് വയനാട്ടിലുണ്ടായത്. ഗ്രാമപഞ്ചായത്തുകളിലെ കുറഞ്ഞ വാർഡുകളുടെ എണ്ണം 14 ആയും കൂടിയ വാർഡുകൾ 24ആയും ഉയർന്നു.

## ബിരുദാനന്തര ബിരുദ കോഴ്സുകളിൽ തത്സമയ പ്രവേശനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) കീഴിൽ തളിപ്പറമ്പ് കാമ്പസിൽ ഇന്റർനാഷണൽ സെന്റർ ഫോർ ലീഡർഷിപ്പ് സ്റ്റഡീസിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പിൽ (ഐപിപിഎൽ) 202425 അധ്യയന വർഷത്തിലെ പുതുതലമുറ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളായ എംഎ സോഷ്യൽ എന്റർപ്രണർഷിപ്പ് ആൻഡ് ഡെവലപ്മെന്റ്, എംഎ പബ്ലിക് പോളിസി ആൻഡ് ഡെവലപ്മെന്റ്, എംഎ ഡീസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവേണൻസ് (റഗുലർ) എന്നിവയിലെ ഒഴിവുകളിലേക്ക് സെപ്റ്റംബർ 9 മുതൽ 13 വരെ തത്സമയ പ്രവേശനം നടത്തും. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള ബിരുദമുള്ളവർക്കു അപേക്ഷിക്കാം. പ്രായപരിധി ഇല്ല. സർവീസിൽ നിന്നും വിരമിച്ചവർക്കും അപേക്ഷിക്കാം. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകണം. ഫോൺ: 0460 2200904, 9895094110, 9061831907.

## ഐഇഎൽടിഎസ്, ഒഇടി കോഴ്സുകൾക്ക് അപേക്ഷിക്കാം

സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസിന്റെ (എൻ.ഐ.എഫ്.എൽ) തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ ഐഇഎൽടിഎസ് / ഒഇടി ഓഫ്‌ലൈൻ / ഓൺലൈൻ കോഴ്സുകളിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. ഐഇഎൽടിഎസ് / ഒഇടി (ഓഫ്‌ലൈൻ08 ആഴ്ച) കോഴ്സിൽ നഴ്സിംഗ് ബിരുദധാരികളായ ബി.പി.എൽ / എസ്.സി / എസ്.ടി വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് ഫീസ് സൗജന്യമാണ്. മറ്റുള്ളവർക്ക് ജി.എസ്.ടി ഉൾപ്പെടെ 4425 രൂപയാണ് ഫീസ് (ലിസണിംഗ്, റീഡിംഗ്, സ്പീക്കിംഗ്, റൈറ്റിംഗ് എന്നീ നാലു മൊഡ്യൂളുകൾ). ഓഫ്‌ലൈൻ കോഴ്സിൽ 3 ആഴ്ച നീളുന്ന അഡീഷണൽ ഗ്രാമർ ക്ലാസിനും അവസരമുണ്ടാകും. ഐഇഎൽടിഎസ് ഓൺലൈൻ എക്സാം ബാച്ചിന് 4425 രൂപയും, റഗുലർ ബാച്ചിന് 7080 രൂപയുമാണ് ഫീസ്. ഒഇടി (ഓൺലൈൻ 04 ആഴ്ച) 5900 രൂപയും, ഏതെങ്കിലും ഒരു മൊഡ്യൂളിന് 8260 ഉം, ഏതെങ്കിലും രണ്ട് മൊഡ്യൂളുകൾക്ക് 7080 രൂപയുമാണ് ഫീസ് (ജി.എസ്.ടി ഉൾപ്പെടെ). മുൻ പരീക്ഷാ പരിചയമുള്ള ഉദ്യോഗാർഥികൾക്ക് മാത്രമാണ് ഒഇടി ഓൺലൈൻ ബാച്ചിൽ പ്രവേശനം ലഭിക്കുക. ഓൺലൈൻ കോഴ്സുകൾക്ക് ഫീസിളവ് ബാധകമല്ല.

താൽപര്യമുള്ള ഉദ്യോഗാർഥികൾക്ക് www.nifl.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപേക്ഷ നൽകാവുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്ക് നോർക്ക റൂട്ട്സ് വഴി വിദേശത്ത് ജോലി കണ്ടെത്തുന്നതിനും അവസരമുണ്ടാകും. ഫീസ് സംബന്ധിക്കുന്ന വിവരങ്ങൾക്ക് +917907323505 (തിരുവനന്തപുരം) +91 8714259444 (കോഴിക്കോട്) എന്നീ മൊബൈൽ നമ്പറുകളിലോ (പ്രവൃത്തി ദിനങ്ങളിൽ, ഓഫീസ് സമയത്ത്) നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാവുന്നതാണ്.

## കേരള മീഡിയ അക്കാദമി : പി.ജി.ഡിപ്ലോമ പരീക്ഷാഫലം

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ 202324 ബാച്ച് പിജി ഡിപ്ലോമ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ജേണലിസം & കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ അഭിരാം ബി ഒന്നാം റാങ്കും ആൽഫിന ജോസഫ് രണ്ടാം റാങ്കും ആദിത്യൻ സുനിൽ മൂന്നാം റാങ്കും നേടി.

ടെലിവിഷൻ ജേണലിസം വിഭാഗത്തിൽ പ്രിയങ്ക ഗോപാലൻ, അജിത്ര രഘുനാഥ്, ശ്രിജിന മോൾ പി വി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിംഗ് വിഭാഗത്തിൽ സഫ്വാൻ ഫാരിസ് കെ. ഒന്നാം റാങ്കിനും ആൽബർട്ട് കെ.ജെ. രണ്ടാം റാങ്കിനും അർഹരായി.

അക്ഷയ് ബാബു ജെ ബി, അസ്ന അഷറഫ് എന്നിവർക്കാണ് മൂന്നാം റാങ്ക്. പരീക്ഷാഫലം www.keralamediaacademy.org യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## രണ്ടാം ഘട്ട അലോട്ട്മെന്റ് പുനഃ പ്രസിദ്ധീകരിച്ചു

ബിഎസ്സി നഴ്സിങ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് സർക്കാർ ഉത്തരവ് മുഖേനെയുള്ള സീറ്റ് പ്രകാരം പുനഃപ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാമത്തെ അലോട്ട്മെന്റിലേക്കു പരിഗണിക്കണമെങ്കിൽ ഫീസ് അടയ്ക്കണം.

മുൻപ് ഫീസ് അടച്ചവർ അധിക ഫീസ് നൽകേണ്ടതില്ലെങ്കിൽ വീണ്ടും അടയ്ക്കേണ്ടതില്ല. 10 ന് വൈകിട്ട് 5 വരെ പുതിയ കോളേജുകൾ ഓപ്ഷനുകളോടൊപ്പം ചേർക്കുന്നതിനും നിലവിലുള്ള ഓപ്ഷനുകൾ പുനഃ ക്രമീകരിക്കുന്നതിനും അവസരമുണ്ട്. മൂന്നാമത്തെ അലോട്ട്മെന്റിനായി മുൻപ് നൽകിയ ഓപ്ഷനുകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363, 364, www.lbscetnre.kerala.gov.in.

## വൈദ്യുതി റഗുലേറ്ററി കമ്മിഷൻ: തെളിവെടുപ്പ് സ്ഥലം മാറ്റി

കെ.എസ്.ഇ.ബി ലിമിറ്റഡ് 2024 ജൂലൈ 01 മുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് സമർപ്പിച്ച താരിഫ് പരിഷ്ക്കരണ നിർദേശങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ 11ന് പി.എം.ജി പ്രിയദർശിനി പ്ലാനിറ്റോറിയം ഹാളിൽ നടത്താനിരുന്ന പൊതു തെളിവെടുപ്പ് വെള്ളയമ്പലം പഞ്ചായത്ത് ഭവനിലെ അസോസിയേഷൻ ഹാളിലേക്ക് മാറ്റി. തെളിവെടുപ്പ് രാവിലെ 10.30ന് ആരംഭിക്കും.



111എ എ വൈ കാർഡ് ഉടമകൾക്ക് സൗജന്യ ഓണകിറ്റ് വിതരണം സംസ്ഥാന തല ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ

## അസാപ് കേരളയിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ജർമൻ എ1, കോഡിങ് സ്കിൽസ്, പൈത്തൺ ഫോർ ഡാറ്റാ മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഐ.ഐ.ടി പാലക്കാടിന്റെ സർട്ടിഫിക്കേഷനോടുകൂടിയ ബിസിനസ് അനലിറ്റിക്സ് എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റ് ംംം.മമെുസലൃമഹമ.ഴീ.ശി സന്ദർശിക്കുകയോ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക. തിരുവനന്തപുരം 9400683868/ 7510125122, കൊല്ലം 9562395356/ 7736808909, പത്തനംതിട്ട 9656943142, ആലപ്പുഴ 9594999680/ 9495999782.

## ഗ്രോത്ത് പൾസ്: സംരംഭകർക്ക് പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സംരംഭകർക്കായി അഞ്ച് ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കും. 24 മുതൽ 28 വരെ കളമശ്ശേരി കെ.ഐ.ഇ.ഡി കാമ്പസിലാണ് പരിശീലനം. സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ ംംം.സശലറ.ശിളീ/ൃമശിശിഴ രമഹലിറലൃ/ ൽ ഓൺലൈനായി 18ന് മുമ്പ് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/ 2550322/ 9188922785.

## സ്പോട്ട് അഡ്മിഷൻ

2024 25 അധ്യയന വർഷത്തെ സർക്കാർ / എയ്ഡഡ് എൻജിനീയറിങ് കോളേജുകളിലെ ബി.ടെക് / ബി.ആർക്ക് കോഴ്സുകളിലേക്കുള്ള സെൻട്രൽ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 11 (ബുധനാഴ്ച) ഗവൺമെന്റ് എൻജിനീയറിങ് കോളേജ് തൃശൂരിൽ നടത്തും. അന്നേ ദിവസം രാവിലെ 8 മണി മുതൽ 12 മണി വരെ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് തൃശൂരിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർഥികളും പുതുതായി സ്പോട്ട് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികളും നിർബന്ധമായും ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതാണ്. ജനറൽ വിഭാഗക്കാർക്ക് 9650 (8650+1000) (കോഷൻ ഡെപ്പോസിറ്റ്) രൂപയും എസ്.സി / എസ്.ടി വിഭാഗക്കാർക്ക് 1000 രൂപയുമാണ് ഫീസായി അടയ്ക്കേണ്ടത്. ഗവൺമെന്റ്, എയ്ഡഡ്, കേപ്പ്, ഐഎച്ച്ആർഡി, എൽബിഎസ്, സിസിഇ, എസ് സി ടി, കുസാറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്പോട്ട് അഡ്മിഷനു പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് എൻ.ഒ.സി ആവശ്യമില്ല. വിശദാംശങ്ങൾക്ക് വിളിക്കേണ്ട നമ്പർ: 9400006411. മറ്റ് വിശദാംശങ്ങൾ www.dtekerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും.

## സ്പോട്ട് അഡ്മിഷൻ 11 ന്

കൈമനം സർക്കാർ വനിതാപോളിടെക്നിക് കോളേജിലെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 11ന് നടക്കും. രാവിലെ 9 മണി മുതൽ 11 വരെയാണ് രജിസ്ട്രേഷൻ. റാങ്ക് ലിസ്റ്റിൽ ഉൾപ്പട്ടിട്ടുള്ളവർക്കും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും അപേക്ഷ നൽകി കൗൺസിലിംഗിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.polyadmission.org .



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള എഫ്.എ.സി.ടി യുടെ വിഹിതമായ 64,20,994 രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

# സിനിമയിൽ പീഡനം, ഭീഷണി, ലഹരി പാടില്ല: പെരുമാറ്റച്ചട്ടവുമായി ഡബ്ല്യുസിസി

കൊച്ചി: ഹേമ കമ്മിറ്റി നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ മലയാള സിനിമയിൽ പുതിയ പെരുമാറ്റച്ചട്ടം അവതരിപ്പിച്ച് വനിതാതാരങ്ങളുടെ കൂട്ടായ്മയായ 'വിമൻ ഇൻ സിനിമ കളക്ടീവ്' (ഡബ്ല്യുസിസി). ലൈംഗികപീഡനം പാടില്ലെന്നും ലഹരിപദാർഥങ്ങൾക്ക് അടിമപ്പെട്ട് തൊഴിലിൽ ഏർപ്പെടാൻ പാടില്ലെന്നുമുള്ള നിർദേശങ്ങളുമായി ഡബ്ല്യുസിസി സിനിമാപെരുമാറ്റച്ചട്ടത്തിന്റെ ആദ്യഭാഗം പുറത്തിറക്കി.

മലയാള സിനിമയിലെ എല്ലാ വിഭാഗങ്ങൾക്കും സ്വീകാര്യമായ മാർഗരേഖയുടെ അടിസ്ഥാനത്തിൽ വേണം തുല്യതയും നീതിയും സർഗാത്മകതയുമുള്ള തൊഴിലിടം ഉണ്ടാക്കാനെന്നു പെരുമാറ്റച്ചട്ടത്തിൽ പറയുന്നു.

തൊഴിലിടത്തിൽ ആർക്കെതിരേയും ഭീഷണി, തെറിവാക്കുകൾ, ബലപ്രയോഗം അക്രമം, അപ്രഖ്യാപിതവിലക്ക് എന്നിവയുണ്ടാകരുത്. ഏജൻറുമാർ കമ്മീഷൻ കൈപ്പറ്റരുത്. ലിംഗവിവേചനവും പക്ഷപാതവും വർഗ, ജാതി, മത, വംശവിവേചനവും പാടില്ല. 'സീറോ ടോളറൻസ് പോളിസി' എന്ന തലക്കെട്ടിൽ സാമൂഹികമാധ്യമത്തിൽ പങ്കുവച്ച നിർദേശങ്ങളിൽ പറയുന്നു.

ഇവയുടെ ലംഘനമുണ്ടായാൽ പരാതിപ്പെടാൻ ഔദ്യോഗിക പരിഹാരസമിതിവേണം. പരിഹാരത്തിന്റെ പക്ഷത്തുനിന്ന് പ്രശ്നങ്ങളെ അഭിമുഖീകരിക്കാമെന്നാണ് കൂട്ടായ്മയുടെ ഫേസ്ബുക്ക് പേജിലൂടെയുള്ള പ്രഖ്യാപനത്തിൽ പറയുന്നത്.

പെരുമാറ്റച്ചട്ടം ആവിഷ്കരിക്കുന്നതിനു പ്രതിദിനം ഒരു നിർദേശം ഉൾക്കൊള്ളുന്ന പരമ്പരയാണു ഡബ്ല്യുസിസി ലക്ഷ്യമിടുന്നത്. ഹേമ കമ്മിറ്റി റിപ്പോർട്ടുകൾ പുറത്തുവന്നതിനു പിന്നാലെയുണ്ടായ സൈബർ ആക്രമണങ്ങൾക്കെതിരെ നിയമ നടപടിക്കൊരുങ്ങുകയാണെന്ന് കഴിഞ്ഞദിവസം ഡബ്ല്യുസിസി അറിയിച്ചിരുന്നു.

ഹേമ കമ്മിറ്റി റിപ്പോർട്ടുണ്ടാക്കിയ ചലനങ്ങളാണ് സൈബർ ആക്രമണങ്ങൾക്ക് കാരണം. വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കിയാണ് സൈബർ ആക്രമണമെന്നും ഡബ്ല്യുസിസി ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞിരുന്നു.

2017 ൽ നടി ആക്രമിക്കപ്പെട്ട സംഭവത്തിനുശേഷം സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങൾക്കെതിരേ രൂപീകരിക്കപ്പെട്ട സംഘടനയാണ് ഡബ്ല്യുസിസി. നടി ആക്രമിക്കപ്പെട്ട സംഭവത്തിൽ ഡബ്ല്യുസിസി ഇടപെടലിനെത്തുടർന്നാണു സിനിമയ്ക്കുള്ളിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ ഹേമ കമ്മിറ്റിയെ സർക്കാർ നിയോഗിക്കുന്നത്.

ലൈംഗികചൂഷണമുൾപ്പെടെ തൊഴിലിടത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളിൽ അന്വേഷണമാവശ്യപ്പെട്ട് ഡബ്ല്യുസിസി അംഗങ്ങൾ മുഖ്യമന്ത്രിയെ കണ്ടതിന്റെ പിന്നാലെയായിരുന്നു സർക്കാർ നടപടി.

# തെരഞ്ഞെടുപ്പ് ഫലത്തോടെ മോദിയോടും ബിജെപിയോടുമുള്ള ജനങ്ങളുടെ ഭയം ഇല്ലാതായി: രാഹുൽ ഗാന്ധി

ടെക്സസ്: ലോക്സഭാ തെരഞ്ഞെടുപ്പു ഫലം വന്ന തൊട്ടടുത്ത നിമിഷം തന്നെ ഇന്ത്യൻ ജനതയ്ക്ക് ബിജെപിയോടും പ്രധാനമന്ത്രിയോടുമുള്ള ഭയം ഇല്ലാതായെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഇത് രാഹുൽ ഗാന്ധിയുടെയോ, കോൺഗ്രസ് പാർട്ടിയുടെയോ നേട്ടമല്ലെന്നും ജനാധിപത്യം സാക്ഷാത്കരിച്ച ഇന്ത്യൻ ജനതയുടെ വലിയ നേട്ടമാണിതെന്നും രാഹുൽ കൂട്ടിച്ചേർത്തു.ത്രിദിന സന്ദർശനത്തിനായി അമേരിക്കയിലെത്തിയ രാഹുൽ ടെക്സസിലെ ഡാളസിൽ ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു. ഓണം, ഗണേശ ചതുർഥി ആശംസകൾ നേർന്നുകൊണ്ടാണ് രാഹുൽ പ്രസംഗം ആരംഭിച്ചത്.ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും തുരങ്കം വയ്ക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്കെതിരേ ഇന്ത്യയിലെ ജനങ്ങൾ നിലകൊണ്ടുവെന്നും അവരുടെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ് തെരഞ്ഞെടുപ്പ് ഫലമെന്നും രാഹുൽ പറഞ്ഞു.

സ്നേഹം, ബഹുമാനം, വിനയം എന്നിവ ഇന്ത്യൻരാഷ്ട്രീയത്തിൽ ഇല്ലാതായിരിക്കുന്നു. ആർഎസ്എസിന്റെ ആശയത്തിൽ ഇന്ത്യ എന്നത് ഒറ്റ ആശയമാണ്, എന്നാൽ കോൺഗ്രസിന്റെ കാഴ്ചപ്പാടിൽ ഇന്ത്യ ആശയങ്ങളുടെ ബഹുസ്വരമാണ്. ജാതി, ഭാഷ, മതം, ആചാരം, ചരിത്രം എന്നിവയ്ക്കുപരിയായി ഒരോ വ്യക്തിക്കും ഇടം നൽകണം.

ഇതാണ് പോരാട്ടം, പ്രധാനമന്ത്രി ഇന്ത്യൻ ഭരണഘടനയെ ആക്രമിക്കുകയാണെന്ന് ഇന്ത്യയിലെ ദശലക്ഷക്കണക്കിന് ആളുകൾ വ്യക്തമായി മനസിലാക്കിയപ്പോൾ തെരഞ്ഞെടുപ്പിൽ പോരാട്ടം വ്യക്തമായി. തെരഞ്ഞെടുപ്പ് സമയത്ത് ഭരണഘടനയ്ക്ക് ഊന്നൽ നൽകിയെന്നും ഈ ആശയം ജനങ്ങൾക്ക് മനസിലായെന്നും രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

# ഓണം ബംപർ ടിക്കറ്റ് വില്പനയിൽ റിക്കാർഡ്

തിരുവനന്തപുരം: ഓണം ബംപർ ടിക്കറ്റ് വില്പനയിൽ റിക്കാർഡ്. തിരുവോണം ബംപർ ഓഗസ്റ്റ് ഒന്നിനാണ് വില്പന ആരംഭിച്ചത്. അന്ന് ആകെ 10 ലക്ഷം ടിക്കറ്റുകളായിരുന്നു അച്ചടിച്ചിരുന്നത്. എന്നാൽ, ടിക്കറ്റ് പുറത്തിറക്കിയ ആദ്യ രണ്ടു ദിവസത്തിനുള്ളിൽ 10 ലക്ഷം ടിക്കറ്റുകൾ വിറ്റുപോയി. പിന്നീട് പുറത്തിറക്കിയ ടിക്കറ്റുകൾ ആണ് ഇപ്പോൾ വില്പന നടക്കുന്നത്.

നിലവിൽ ടിക്കറ്റിന്റെ വില്പന 25 ലക്ഷത്തിലേക്ക് അടുക്കുകയാണ്. 500 രൂപയാണ് ഓണം ബമ്പർ ടിക്കറ്റിന്റെ വില. തിരുവോണം ബംപറിന്റെ രണ്ടാം സമ്മാനമായി 20 പേർക്ക് ഒരു കോടി രൂപ വീതമാണ് ലഭിക്കുക. ഒന്നാം സമ്മാനം നേടുന്ന ടിക്കറ്റ് വിൽക്കുന്ന ഏജൻറിന് നൽകുന്ന കമ്മീഷൻകൂടി ലഭിക്കുമ്പോൾ ഇക്കുറി ഓണം ബംപർ വഴി ഉണ്ടാകുന്നത് 22 കോടി പതികളാണ്.

നിലവിൽ 23 ലക്ഷത്തിനു മുകളിൽ വില്പന നടന്ന ഓണം ബംപറിന്റെ വിപണിയിലെത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളും വിറ്റുപോകുമെന്ന ഉറച്ച പ്രതീക്ഷയിലാണ് ലോട്ടറി വകുപ്പ്. വ്യാജ ടിക്കറ്റുകൾക്കെതിരേ ശക്തമായ പ്രചരണവും നിയമനടപടികളുമായി വകുപ്പ് മുന്നോട്ടു പോവുകയാണ്. ഇതര സംസ്ഥാനക്കാർക്ക് സമ്മാനമടിച്ചാൽ എന്തു ചെയ്യണമെന്ന് ബോധ്യപ്പെടുത്തുന്നതിനായി ഹിന്ദി ഭാഷയിൽ പോസ്റ്റർ ഉൾപ്പെടെ നൽകാനുള്ള നടപടികളും വകുപ്പ് ആരംഭിച്ചു . ഇതുവരെയുള്ള കണക്കിൽ നാലു ലക്ഷത്തിലേറെ ടിക്കറ്റുകൾ വിറ്റഴിച്ചുകൊണ്ട് പാലക്കാട് ജില്ലയിലാണ് ഓണം ബംപർ ലോട്ടറി വില്പനയിൽ മുന്നിൽ. തൊട്ടുപിന്നിൽ മൂന്നുലക്ഷത്തോളം വില്പനയുമായി തിരുവനന്തപുരം ജില്ലയുമുണ്ട്. രണ്ടര ലക്ഷത്തിലേറെ വില്പന കൈവരിച്ച് തൃശൂർ ജില്ല മൂന്നാംസ്ഥാനത്തുമുണ്ട്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വില്പനയിൽ ഇടിവുണ്ടാകുമെന്നു ലോട്ടറി വകുപ്പ് പ്രതീക്ഷിച്ചിരുന്നെങ്കിലും വില്പന കുതിക്കുകയാണ്. ഇത്തവണ പരമാവധി അച്ചടിക്കാൻ കഴിയുന്ന 90 ലക്ഷം ടിക്കറ്റുകളും വിറ്റഴിക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്. ഒന്നാം സമ്മാനാർഹമാകുന്ന ടിക്കറ്റിന്റെ മറ്റ് ഒൻപതു സീരീസുകളിലെ അതേ നമ്പരുകൾക്ക് സമാശ്വാസ സമ്മാനമായി അഞ്ചു ലക്ഷം രൂപ വീതം ലഭിക്കും.

20 പേർക്ക് 50 ലക്ഷം രൂപ വീതം നൽകുന്ന മൂന്നാം സമ്മാനവും 10 പേർക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകുന്ന നാലാം സമ്മാനവും രണ്ടു ലക്ഷം രൂപ വീതം നൽകുന്ന അഞ്ചാം സമ്മാനവുമാണ് പിന്നീടുള്ള വലിയ സമ്മാന തുകകൾ.

ആറാം സമ്മാനം 5000 രൂപയും ഏഴാം സമ്മാനം 2000 രൂപയുമാണ്. എട്ടാം സമ്മാനം 1000 രൂപയാണ്. ഒൻപതാം സമ്മാനമായി അവസാന നാലക്കത്തിന് 500 രൂപ ഉറപ്പാക്കുന്ന സമ്മാനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ സമ്മാന ഇനത്തിൽ മാത്രം ലോട്ടറി വകുപ്പ് വിതരണം ചെയ്തത് 2400 കോടി രൂപയാണ്. മുൻ സാമ്പത്തിക വർഷം വിതരണം ചെയ്ത സമ്മാനത്തുക ആകെ 7095 കോടി രൂപയായിരുന്നു. ഓണം ബംപറിന്റെ സമ്മാനത്തുക കൂടി കണക്കാക്കുമ്പോൾ ഈ വർഷവും സമ്മാനത്തുകയിൽ ഭാഗ്യക്കുറി റിക്കാർഡ് ഭേദിക്കുമെന്നാണ് പ്രതീക്ഷ.

# ജൂതന്മാർക്കെതിരെ ഭീകരാക്രമണം നടത്താൻ പദ്ധതി; പാക്കിസ്ഥാൻ പൗരൻ കാനഡയിൽ അറസ്റ്റിൽ

വാഷിംഗ്ടൺ ഡിസി: ന്യൂയോർക്ക് സിറ്റിയിൽ ജൂതന്മാർക്കെതിരെ ആക്രമണം നടത്താൻ ഗൂഢാലോചന നടത്തിയ പാക്കിസ്ഥാൻ പൗരൻ കാനഡയിൽ പിടിയിൽ. യുഎസ് നീതിന്യായ വകുപ്പാണ് ഇക്കാര്യം അറിയിച്ചത്.

ഷഹ്സേബ് ജാദൂൻ (മുഹമ്മദ് ഷാസെബ് ഖാൻ 20) എന്നയാളാണ് അറസ്റ്റിലായത്. ഒക്ടോബർ ഏഴിന് ന്യൂയോർക്ക് സിറ്റിയിൽ ഭീകരാക്രമണം നടത്താനായിരുന്നു ഇയാളുടെ പദ്ധതി.ഒക്ടോബർ ഏഴിന് ഇസ്രയേലിൽ ഹമാസ് നടത്തിയ ആക്രമണത്തിന്റെ വാർഷികത്തിൽ ന്യൂയോർക്കിൽ പോകാനും ബ്രൂക്ക്‌ലിനിലെ ഒരു ജൂത കേന്ദ്രത്തിൽ ഐഎസ് പിന്തുണയോടെ വെടിവയ്പ്പ് നടത്താനുമായിരുന്നു ഇയാളുടെ പദ്ധതി.

ഗൂഢാലോചനക്കാരുമായി നടത്തിയ സംഭാഷണത്തിലാണ് ഇയാൾ തന്റെ പദ്ധതികൾ വെളിപ്പെടുത്തിയത്. എന്നാൽ അവർ യഥാർത്ഥത്തിൽ രഹസ്യാന്വേഷണ ഉദ്യോഗസ്ഥരായിരുന്നു.യുഎസ്കാനഡ അതിർത്തിയിൽ നിന്നും 19 കിലോമീറ്റർ അകലെയുള്ള ഓർംസ്ടൗൺ പട്ടണത്തിൽ വച്ചാണ് ഖാനെ കനേഡിയൻ അധികൃതർ കസ്റ്റഡിയിലെടുത്തത്.

## യുവാവിനെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസ്; രഞ്ജിത്തിന് മുൻകൂർ ജാമ്യം

കോഴിക്കോട്: യുവാവിനെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ സംവിധായകൻ രഞ്ജിത്തിന് മുൻകൂർ ജാമ്യം. 30 ദിവസത്തേക്കാണ് കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതി താത്ക്കാലിക ജാമ്യം അനുവദിച്ചത്.മാങ്കാവ് സ്വദേശിയായ യുവാവാണ് രഞ്ജിത്ത് പീഡനത്തിന് ഇരയാക്കിയെന്ന് ആരോപിച്ച് പരാതി നൽകിയത്. 2012ൽ ബെംഗളൂരുവിൽ വച്ച് രഞ്ജിത് പീഡനത്തിന് ഇരയാക്കിയെന്നാണ് ആരോപണം.

'ബാവൂട്ടിയുടെ നാമത്തിൽ' എന്ന സിനിമയുടെ ലോക്കേഷൻ പാക്കപ്പ് നടക്കുന്ന സമയത്തായിരുന്നു സംഭവം. ഹോട്ടലിലെത്തിയപ്പോൾ രഞ്ജിത് മദ്യം കുടിപ്പിച്ച് പീഡനത്തിന് ഇരയാക്കിയെന്നായിരുന്നു പരാതി. പ്രകൃതി വിരുദ്ധ പീഡനം, ഐടി ആക്ട് എന്നിവ പ്രകാരമാണ് രഞ്ജിത്തിനെതിരെ കേസെടുത്തത്.

## കൊമേഴ്സ്യൽ അപ്രന്റീസ് ഒഴിവ്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്ര ഓഫീസ്, തിരുവനന്തപുരം മേഖലാ ഓഫീസ്, തിരുവനന്തപുരം ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ നാല് കൊമേഴ്സ്യൽ അപ്രന്റീസ് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നു. അംഗീകൃത സർവകലാശാല ബിരുദവും കംപ്യൂട്ടർ പരിജ്ഞാനവും ആണ് യോഗ്യത. യോഗ്യരായ ഉദ്യോഗാർത്ഥികൾ സെപ്റ്റംബർ 29 രാവിലെ 10ന് ബോർഡിന്റെ തിരുവനന്തപുരം മേഖലാ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു.ബയോഡാറ്റ, തിരിച്ചറിയൽ രേഖ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അഭിമുഖത്തിന് ഹാജരാക്കണം. ഒരു വർഷമാണ് അപ്രന്റീസ് കാലാവധി. പ്രതിമാസം 9,000 രൂപ സ്റ്റൈപന്റായി ലഭിക്കും. പ്രായപരിധി 01/01/2024 ന് 26 വയസ് കവിയരുത്.

# വെനസ്വേലൻ പ്രതിപക്ഷ നേതാവ് ഗോൺസാലസ് സ്പെയിനിൽ അഭയം തേടി

കാരക്കാസ്: ജൂലൈയിലെ വെനസ്വേലൻ തെരഞ്ഞെടുപ്പിൽ പ്രസിഡൻറ് മഡുറോയോട് മത്സരിച്ച പ്രതിപക്ഷ നേതാവ് എഡ്മുണ്ടോ ഗോൺസാലസ് രാഷ്ട്രീയാഭയം തേടി സ്പെയിനിലേക്കു പോയി. തെരഞ്ഞെടുപ്പിൽ വിജയിച്ചെന്ന് അവകാശപ്പെടുന്ന ഗോൺസാലസ് അറസ്റ്റ് ഭയന്ന് ഒളിവിലായിരുന്നു.

ഏതാനും ദിവസം മുന്പ് അദ്ദേഹം കാരക്കാസിലെ സ്പാനിഷ് എംബസിയിൽ അഭയം തേടിയ ഗോൺസാലസിനെ സുരക്ഷിതമായി രാജ്യംവിടാൻ അനുവദിച്ചു എന്നാണു വെനസ്വേലൻ വൈസ് പ്രസിഡൻറ് ഡെൽസി റോഡ്രിഗസ് അറിയിച്ചത്.

സ്പാനിഷ് വ്യോമസേനയുടെ വിമാനത്തിലാണു ഗോൺസാലസ് പുറപ്പെട്ടതെന്ന് സ്പാനിഷ് വിദേശമന്ത്രാലയം അറിയിച്ചു. അദ്ദേഹത്തിനു രാഷ്ട്രീയാഭയം അനുവദിക്കുമെന്നു സ്പാനിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ജൂലൈ 28നു നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ജയിച്ചെന്ന മഡുറോയുടെ വാദം വെനസ്വേലയിലെ പ്രതിപക്ഷവും യുഎസ് അടക്കമുള്ള പാശ്ചാത്യ ശക്തികളും അർജൻറീന അടക്കമുള്ള ലാറ്റിനമേരിക്കൻ രാജ്യങ്ങളും അംഗീകരിക്കുന്നില്ല. ഗോൺസാലസ് ജയിച്ചുവെന്ന് ബോധ്യപ്പെടുന്ന തെരഞ്ഞെടുപ്പുകണക്ക് പ്രതിപക്ഷം പുറത്തുവിട്ടിരുന്നു. അറസ്റ്റ് ഭയന്ന ഗോൺസാലസ് ജൂലൈ 30 മുതൽ ഒളിവിലായിരുന്നു.ഇതിനിടെ, മഡുറോയുടെ രാഷ്ട്രീയ എതിരാളികൾ അഭയം തേടിയിരിക്കുന്ന കാരക്കാസിലെ അർജൻറൈൻ എംബസി വെനസ്വേലൻ സുരക്ഷാ ഭടന്മാർ വളഞ്ഞിരിക്കുകയാണ്. ആറു പ്രതിപക്ഷ നേതാക്കളാണ് എംബസിയിലുള്ളത്. എംബസിയിൽ തീവ്രവാദപ്രവർത്തനം നടക്കുന്നതായി വെനസ്വേലൻ സർക്കാർ ആരോപിച്ചു.



222 ഓണമധുരം പദ്ധതി

# ക്ഷീരകർഷകർക്ക് ഓണ സമ്മാനമായി ഓണ മധുരം പദ്ധതി

## മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ ക്ഷീരകർഷകർക്ക് 300 രൂപ ധനസഹായം നൽകുന്ന ഓണമധുരം 2024 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ക്ഷീര വികസന മൃഗ സംരക്ഷണവകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിച്ചു. പഴയകട എം.ഡബ്ല്യൂ.എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കെ.ആൻസലൻ എം.എൽ.എ അധ്യക്ഷനായിരുന്നു.കേരളത്തിലെ ക്ഷീരകർഷകർക്ക് താങ്ങാകുന്ന നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. ക്ഷീര കർഷകർക്ക് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണെന്നും പാലിന്റെ ഗുണമേന്മയുടെ കാര്യത്തിലും കേരളം മുന്നിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ആശ്വാസ പദ്ധതികൾ നടപ്പാക്കുന്നതിനും കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഹിക്കുന്ന പങ്ക് അഭിനന്ദനമർഹിക്കുന്നതായും മന്ത്രി അഭിപ്രായപ്പെട്ടു.2023 ആഗസ്റ്റ് മുതൽ 2024 ജൂലൈ വരെ ക്ഷീര സംഘങ്ങളിൽ പാലളന്ന എല്ലാ ക്ഷീരകർഷകർക്കും ക്ഷേമനിധി അംഗങ്ങൾക്കുമാണ് ഓണമധുരം പദ്ധതിയിലൂടെ ധനസഹായം നൽകിയത്.ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ വിവാഹ ധനസഹായം സി.കെ ഹരീന്ദ്രൻ എം.എൽ.എ വിതരണം ചെയ്തു. ചടങ്ങിൽ മുതിർന്ന ക്ഷീരകർഷകരെ ആദരിച്ചു. തിരുവനന്തപുരം ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാൽ ഗുണമേന്മ ബോധവത്കരണ പരിപാടിയും ക്ഷീര കർഷകർക്കായി സംഘടിപ്പിച്ചു.പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.കെ ബെൻഡാർവിൻ, മിൽമ ചെയർമാൻ കെ.എസ് മണി എന്നിവരും സന്നിഹിതരായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഓണ വിപണി: ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കി

*** ഓണക്കാല പരിശോധനയ്ക്ക് സ്‌പെഷ്യൽ സ്‌ക്വാഡുകൾ**

*** ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പരിശോധന**

ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 45 പ്രത്യേക സ്‌ക്വാഡുകൾ രൂപീകരിച്ചാണ് പരിശോധന. ഓണക്കാലത്ത് വിപണിയിൽ അധികമായെത്തുന്ന പാൽ, ഭക്ഷ്യ എണ്ണകൾ, പപ്പടം, പായസം മിശ്രിതം, ശർക്കര, നെയ്യ്, വിവിധ തരം ചിപ്‌സ്, പച്ചക്കറികൾ, ചായപ്പൊടി, പരിപ്പുവർഗങ്ങൾ, പഴങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവയുടെ ഉത്പാദന വിതരണ വില്പന കേന്ദ്രങ്ങളിലും, ഹോട്ടൽ, ബേക്കറി, തട്ടുകടകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലും ചെക്ക് പോസ്റ്റുകളിലും പരിശോധനയുണ്ടാകും. പാക്കറ്റുകളിൽ നൽകുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ലേബൽ വിവരങ്ങളും പരിശോധിക്കും. വീഴ്ചകൾ കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും അധികമായെത്തുന്ന പാൽ, എണ്ണ, പച്ചക്കറികൾ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് 24 മണിക്കൂറും പരിശോധന നടത്തും. വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെയായിരിക്കും പരിശോധനകൾ. പാൽ, പാൽ ഉത്പ്പന്നങ്ങൾ എന്നിവയുടെ പരിശോധനയ്ക്കായി ഇടുക്കിയിലെ കുമളി, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, വാളയാർ, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സ്‌ക്വാഡിനെ നിയോഗിച്ചു. 24 മണിക്കൂറും ഇവിടെ പരിശോധനകൾ ഉണ്ടാകും.ഭക്ഷ്യസുരക്ഷാ ലൈസൻസെടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ അനുവദിക്കില്ല. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് നിയമനടപടികൾ കൈക്കൊള്ളും. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വ്യാപാരികളും ഉപഭോക്താക്കളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വ്യാപാരികൾ ഭക്ഷ്യ സുരക്ഷ ലൈസൻസ്/ രജിസ്‌ട്രേഷൻ ഉപഭോക്താക്കൾ കാണുന്ന വിധം സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽപ്പനയ്ക്കായി സ്ഥാപനത്തിൽ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യരുത്. പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ നിയമാനുസൃതമായ ലേബൽ വ്യവസ്ഥകളോടെ മാത്രമേ വിൽക്കാൻ പാടുള്ളൂ. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും, വ്യക്തികളും ശുചിത്വ ശീലങ്ങൾ കർശനമായും പാലിച്ചിരിക്കണം. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്.

പാഴ്സൽ ഭക്ഷണം നൽകുന്നവർ ഫുഡ് ഗ്രേഡ് കണ്ടെയ്‌നറുകൾ മാത്രമേ ഭക്ഷണം വിതരണം ചെയ്യാൻ ഉപയോഗിക്കാവൂ. പാക്കറ്റിന് പുറത്ത് ലേബൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും വേണം. ഭക്ഷണത്തിൽ നിരോധിച്ച നിറങ്ങൾ ചേർക്കുകയോ അനുവദനീയമായ അളവിൽ കൂടുതൽ നിറങ്ങൾ ചേർക്കുകയോ ചെയ്യരുത്.ഉപഭോക്താക്കൾ പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ നിർമ്മാണ തീയതി, കാലാവധി മുതലായ ലേബൽ വിവരങ്ങൾ പരിശോധിച്ചതിന് ശേഷമേ വാങ്ങാവൂ.

ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ 1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലും www.etaright.foodsaftey.kerala.gov.in എന്ന പോർട്ടലിലും അറിയിക്കാം.



ലോകബാങ്ക് വിദഗ്ധ സമിതി അംഗങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുന്നു

# ലോകബാങ്ക് വിദഗ്ദ്ധസമിതി അംഗങ്ങൾ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

ലോക ബാങ്ക് വിദഗ്ദ്ധ സമിതി അംഗങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന പരിഷ്കാരങ്ങളിൽ ആകൃഷ്ടരായാണ് ലോക ബാങ്ക് പ്രതിനിധികൾ എത്തിയത്. കേരളത്തിലേക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലുമായി സഹകരിക്കാൻ ലോകബാങ്കിന് താല്പര്യമുള്ളതായി അവർ അറിയിച്ചു. പഠന നിലവാരം, ജോലി സാധ്യത എന്നിവ വർദ്ധിപ്പിക്കുന്നതും പാരിസ്ഥിതിക സുസ്ഥിരത, സാമൂഹ്യ നീതി എന്നിവ ഉറപ്പാക്കുന്നതുമായ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുമായുള്ള സഹകരണം സർക്കാർ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. നാളെ ഡിജിറ്റൽ സർവ്വകലാശാലയും സി.ഇ. റ്റിയും സംഘം സന്ദർശിക്കും.

ഡോ. നീന ആർനോൾഡ് (ഗ്ലോബൽ ലീഡ്, ഉന്നത വിദ്യാഭ്യാസം), ഡെന്നിസ് നിക്കാലീവ്, (പ്രോജക്റ്റ് തലവൻ), അംബരീഷ് (സീനിയർ കാൻസൽട്ടന്റ്) ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ രാജൻ ഗുരുക്കൾ, ഇന്റർനാഷണൽ സ്‌പെഷ്യൽ ഓഫീസർ എൽദോ മാത്യു എന്നിവരാണ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

# സമഗ്ര ശിക്ഷാ കേരളം പദ്ധതിയിലെ സെക്രട്ടേറിയറ്റ് ജീവനക്കാർ ആറുപേരുടെ നിയമനം റദ്ദാക്കി

ആലുവ: സമഗ്ര ശിക്ഷാ കേരളം പദ്ധതിയിൽ ഒഴിവു വന്ന ജില്ലാതല അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ നിയമിക്കപ്പെട്ട ആറ് സെക്രട്ടേറിയറ്റ് ജീവനക്കാരെ രണ്ടു മാസത്തെ സേവനത്തിനുശേഷം തിരികെ വിളിച്ചു. വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ കടുത്ത എതിർപ്പിനെത്തുടർന്നാണു തിരുവനന്തപുരത്തേക്ക് ഇവരെ മടക്കിവിളിച്ചത്.

പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറി തലത്തിലുള്ള ജീവനക്കാരെ കാസർഗോഡ്, കണ്ണൂർ, എറണാകുളം, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലെ എസ്എസ്കെ അക്കൗണ്ടന്റ് തസ്തികയിൽ കഴിഞ്ഞ ജൂലൈയിലാണു നിയമിച്ചത്. ഇതിനെതിരേ എസ്എസ്കെയുടെ ജില്ലാ ഓഫീസുകൾക്കു മുന്നിൽ വിവിധ സംഘടനകൾ തുടർച്ചയായി പ്രതിഷേധസമരം നടത്തിയിരുന്നു.

വിദ്യാഭ്യാസ വകുപ്പിലെ പ്രമോഷൻ സാധ്യതയുള്ള തസ്തികകൾ മറ്റു സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തട്ടിയെടുക്കുന്നതായാണ് ആരോപണം .

ഓഗസ്റ്റിൽ ആലുവയിൽ നടന്ന കേരള വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയന്റെ പ്രധാന ആവശ്യവും മറ്റു വകുപ്പിൽനിന്ന് വരുന്ന ജീവനക്കാരെ തിരിച്ചയയ്ക്കണം എന്നതായിരുന്നു.

ഓൺലൈൻ സംവിധാനത്തിലേക്കു മാറ്റാതെ ഇഷ്ടക്കാർക്ക് അനധികൃതമായി സ്ഥലംമാറ്റം നൽകുന്നതായും യൂണിയൻ ആരോപിച്ചിരുന്നു. 2017 മുതൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്ക് അടക്കം എല്ലാ വകുപ്പിലും സ്ഥലംമാറ്റം ഓൺലൈനാക്കിയിട്ടും വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്ക് നീതി നിഷേധിക്കുന്നതായാണു പരാതി. ഇതിന്റെ മറവിൽ പത്തുവർഷത്തിലധികം തുടർച്ചയായി തസ്തികയിൽ തുടരുന്നതായും യൂണിയൻ നേതാക്കൾ ആരോപിച്ചു.

# അനധികൃത വയൽ നികത്തൽ പൂർവസ്ഥിതിയിലാക്കാൻ കളക്ടർമാർക്ക് മന്ത്രിയുടെ നിർദേശം

കൊച്ചി: അനധികൃതമായി നടക്കുന്ന നെൽവയൽ നികത്തൽ തടഞ്ഞ് നിലം പൂർവസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കണമെന്നു മന്ത്രി കെ. രാജൻ ജില്ലാ കളക്ടർമാർക്കു നിർദേശം നൽകി.എറണാകുളത്ത് നടന്ന ജില്ലാ കളക്ടർമാരുടെ യോഗത്തിലാണ് മന്ത്രിയുടെ നിർദേശം. തോട്ടഭൂമി ഉൾപ്പെടെയുള്ള ഭൂമി അനുവദിച്ച കാര്യങ്ങൾക്കല്ലാതെ തരം മാറ്റുന്നതിനെതിരേ കർശന നടപടി സ്വീകരിക്കണം.

ഇത്തരം ഭൂമിയുടെ തരംമാറ്റം ശ്രദ്ധയിൽപ്പെട്ടാൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ റിപ്പോർട്ട് ചെയ്തു മിച്ചഭൂമി കേസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മന്ത്രി റവന്യു ഉദ്യോഗസ്ഥർക്കു നിർദേശം നൽകി.

റവന്യു വകുപ്പിനെ ജനകീയവത്കരിക്കാനുള്ള വില്ലേജ് തല ജനകീയ സമിതിയുടെ പ്രവർത്തനം ഊർജിതമാക്കും. ഇതിനായി കൂടുതൽ ഡെപ്യൂട്ടി തഹസിൽദാർമാർക്ക് ചുമതല നൽകും. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലയിലും പട്ടയമേളകൾ സംഘടിപ്പിക്കും. ഭൂമി തരംമാറ്റത്തിനുള്ള കുടിശിക അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒക്ടോബർ 25 മുതൽ നവംബർ 10 വരെ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കും.

റവന്യു വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിനും സത്വര പരിഹാരം കാണുന്നതിനും തഹസിൽദാർമാരെ പങ്കെടുപ്പിച്ച് സംസ്ഥാനത്ത് നാല് മേഖലാ യോഗങ്ങൾ നടത്തുമെന്നും മന്ത്രി അറിയിച്ചു.

# വഖ്ഫ് ഭേഗഗതി ബിൽ: വഖ്ഫ് ബോർഡ് ശിൽപശാല 10 ന്

വഖ്ഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് സമർപ്പിക്കേണ്ട ആക്ഷേപങ്ങൾ, ബിൽ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനും സംസ്ഥാനത്തെ ബന്ധപ്പെട്ട ബോർഡുകൾ, കമ്മീഷനുകൾ, നിയമവിദഗ്ദർ, വിവിധ വിഭാഗം മതപണ്ഡിതർ എന്നിവരുമായി സംവദിക്കുന്നതിനും സംസ്ഥാന വഖ്ഫ് വകുപ്പും വഖ്ഫ് ബോർഡും ഏകദിനശിൽപശാല സംഘടിപ്പിക്കും.

10ന് രാവിലെ 10.30 ന് കൊച്ചി ഐഎംഎ ഹൗസിൽ നടക്കുന്ന ശിൽപശാലയിൽ സംസ്ഥാനത്ത് നിന്നുള്ള എം.പി.മാർ, എം.എൽ.എ.മാർ തുടങ്ങിയവർ പങ്കെടുക്കും. ഉച്ചയ്ക്ക് 2 മണി വരെയാണ് ശിൽപശാല.

ശിൽപശാലയിൽ പവർ പോയിന്റ് പ്രസന്റേഷൻ, ചർച്ച എന്നിവ ഉണ്ടായിരിക്കും.

എഴുതി തയ്യാറാക്കി നൽകുന്ന ആക്ഷേപങ്ങളും നേരിട്ട് പങ്കെടുത്ത് ഉന്നയിക്കുന്ന അഭിപ്രായങ്ങളും സമാഹരിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി മുമ്പാകെ സംസ്ഥാന വഖ്ഫ് വകുപ്പ് ബോധിപ്പിക്കും. വഖ്ഫ് ബോർഡ് ചെയർമാൻ അഡ്വ. എം.കെ. സക്കീറിന്റെ അധ്യക്ഷതയിൽ നടക്കുന്ന ശിൽപശാല വഖ്ഫ് വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

# താൽപര്യപത്രം ക്ഷണിച്ചു

പട്ടികവർഗ യുവതീ യുവാക്കൾക്കായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഓട്ടോ മൊബൈൽ എൻജിനിയറിങ് കോഴ്സ് പരിശീലനം ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധതയുള്ള പരിശീലന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എൻ എസ് ക്യു എഫ് / എൻ എസ് ഡി സി തുടങ്ങിയ ദേശീയ, അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാം. പട്ടികവർഗ വിദ്യാർഥികൾക്കായി നൈപുണ്യ പരിശീലനം നൽകി പരിചയമുള്ള സ്ഥാപനങ്ങൾക്ക് ആദ്യ പരിഗണന നൽകും. ഹോസ്റ്റൽ സൗകര്യം (ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം) ഉള്ള സ്ഥാപനങ്ങൾക്ക് മുൻഗണന ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 15 വൈകിട്ട് 05. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഡയറക്ടർ, പട്ടികവർഗ വികസന ഡയറക്ടറേറ്റ്, വികാസ് ഭവൻ, 4ാം നില, തിരുവനന്തപുരം 33. ഫോൺ: 04712303229. വെബ്‌സൈറ്റ്: www.stdd.kerala.gov.in. ടോൾഫ്രീ നമ്പർ: 1800425 2312. മൊബൈൽ: 6282539374.

# വാക്ക് ഇൻ ഇന്റർവ്യൂ

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ റസിഡന്റ് (ഓർത്തോപീഡിക്സ്), അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തികകളിലെ ഒഴിവുകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സെപ്റ്റംബർ 11ന് രാവിലെ 11 മണി മുതൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക് കോളേജ് വെബ്‌സൈറ്റ് (www.gmckollam.edu.in) സന്ദർശിക്കുക.

# ഗ്രാമപഞ്ചായത്തുകളിൽ കൂടുന്നത് 1,375 വാർഡുകൾ

തിരുവനന്തപുരം: തദ്ദേശ വാർഡ് പുനർവിഭജനത്തിനു മുന്നോടിയായി സംസ്ഥാനത്തെ പഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം വർധിപ്പിച്ചുകൊണ്ടു വിജ്ഞാപനമിറങ്ങി. 941 ഗ്രാമപഞ്ചായത്തുകളിലായി 1375 വാർഡുകളാണു വർധിപ്പിച്ചത്. സംസ്ഥാനത്താകെ 15,962 വാർഡുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇനി 17,337 ആയി ഉയരും. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 2080 വാർഡുകളാണ് ഉണ്ടായിരുന്നത്. ഇനിയത് 2267 ആകും.

ജില്ലാ പഞ്ചായത്തുകളിൽ 15 ഡിവിഷനുകൾ കൂടും. തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോ ഡിവിഷനുമാണ് വർധിക്കുന്നത്. മുനിസിപ്പാലിറ്റി, കോർപറേഷനുകളിൽ വാർഡ് നിർണയ വിജ്ഞാപനം ഇന്നും നാളെയുമായി ഇറങ്ങും. ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡ് വീതം വർധിപ്പിക്കണമെന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ വാർഡ് പുനർനിർണയ കമ്മീഷനെ നിയോഗിച്ചത്. എന്നാൽ, പുതിയ വാർഡുകൾ വന്നപ്പോൾ ഇത് ഒന്നു മുതൽ മൂന്നു വരെയായി ഉയർന്നു. മൊത്തം വാർഡുകളിൽ 50 ശതമാനം വനിതാ സംവരണമാണ്. പട്ടികജാതിവർഗ സംവരണവുമുണ്ട്.

മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ. ഇവിടെ 94 ഗ്രാമപഞ്ചായത്തുകളിലായി 2001 വാർഡുകളാണ് നിലവിൽ വരുന്നത്. ഇപ്പോൾ ഇവിടെ 1778 വാർഡുകളാണുള്ളത്. 223 വാർഡുകൾ മലപ്പുറത്തു പുതുതായി വരും.കുറവ് വാർഡുകൾ വയനാട് ജില്ലയിലാണ് 23 ഗ്രാമപഞ്ചായത്തുകളിലായി 450 വാർഡുകൾ മാത്രമാകും ഇവിടെയുണ്ടാവുക. നിലവിൽ ഇവിടെ 23 പഞ്ചായത്തുകളിലായി 413 വാർഡുകളാണ് നിലവിലുള്ളത്. 37 വാർഡുകളുടെ വർധന മാത്രമാണ് വയനാട്ടിലുണ്ടായത്. ഗ്രാമപഞ്ചായത്തുകളിലെ കുറഞ്ഞ വാർഡുകളുടെ എണ്ണം 14 ആയും കൂടിയ വാർഡുകൾ 24ആയും ഉയർന്നു.

# അസാപ് കോഴ്സ്: അഭിമുഖം 12 ന്

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പോടെ അസാപ് കേരള നടത്തുന്ന ഇ.വി പവർട്രെയിൻ ആർക്കിടെക്ചർ ആൻഡ് എനർജി സ്റ്റോറേജ് സിസ്റ്റം കോഴ്സിൽ സ്കോളർഷിപ്പ് അർഹതയുള്ളവരെ തിരഞ്ഞെടുക്കാനുള്ള ഇന്റർവ്യൂ 12 ന് രാവിലെ 10.30 ന് മലപ്പുറം തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നടക്കും. എംഇ, ഓട്ടോ, മെക്കാട്രോണിക്സ്, ഇഇ, ഇഇഇ, ഇസിഇ, ഇസിഎം, ഇഎൻടി, ഇടിസി തുടങ്ങിയ വിഷയങ്ങളിൽ ഡിപ്ലോമ / ബിഇ / ബിടെക് യോഗ്യതയുള്ളവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. ക്രിസ്ത്യൻ, മുസ്ലിം, സിഖ്, ബുദ്ധ, പാഴ്സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് 100 ശതമാനം സ്കോളർഷിപ്പ് ലഭ്യമാണ്. വിദ്യാർത്ഥികൾ അസൽ രേഖകളുമായി അഭിമുഖത്തിനെത്തണം.

# അജിത് കുമാറിനെ ചുമതലയിൽ നിന്ന് മാറ്റിനിർത്തണം; ഇൻറലിജൻസ് നിരീക്ഷിക്കണമെന്നും അൻവർ

മലപ്പുറം: എഡിജിപി എം.ആർ.അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റിനിർത്തണമെന്ന് പി.വി.അൻവർ എംഎൽഎ. സ്ഥാനത്തു നിന്ന് മാറ്റി നിർത്തിയാൽ മാത്രം പോരെന്നും അജിത്കുമാറിന്റെ ഇനിയുള്ള നീക്കങ്ങൾ ഇൻറലിജൻസിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നിരീക്ഷിക്കണമെന്നും അൻവർ ആവശ്യപ്പെട്ടു.

സർക്കാർ വിചാരിക്കുന്നതിലും അപ്പുറമാണ് എഡിജിപി ചെയ്ത കാര്യങ്ങൾ. കേരളം സത്യം അറിയാൻ കാതോർത്തിരുന്ന ചില കേസുകൾ അജിത് കുമാറിന്റെ നേതൃത്വത്തിൽ അട്ടിമറിക്കപ്പെട്ടിട്ടുണ്ട്.

ഒരു സർക്കാരിനെ ഒരു മുന്നണിയെ ഒരു പാർട്ടിയെ പോലും ബാധിക്കാൻ സാധ്യതയുള്ള കേസുകൾ. സത്യവിരുദ്ധമായി ചില കേസുകൾ ക്ലോസ് ചെയ്തു.മലപ്പുറം പോലീസിലെ മോഹൻദാസ് എന്നൊരു ഉദ്യോഗസ്ഥനെ എഡിജിപി ഫോൺ ചോർത്താൻ ഉപയോഗിച്ചെന്നും അൻവർ ആരോപിച്ചു. മോഹൻദാസ് അഞ്ചുകൊല്ലമാണ് മലപ്പുറം വിജിലൻസ് യൂണിറ്റിലുണ്ടായിരുന്നത്. ഇതിന് ശേഷം മലപ്പുറം ജില്ലാ പോലീസിലേക്ക് ട്രാൻസ്ഫർ ആയി.മലപ്പുറം ജില്ലാ പോലീസിലുണ്ടായിരുന്ന മോഹൻദാസിനെ ഒരു ഉത്തരവുമില്ലാതെ എസ്. സുജിത് ദാസ് വിജിലൻസിൽ നിലനിർത്തിക്കൊണ്ട് മൂന്നിലധികം വർഷം സൈബർ ഇൻറർസെപ്ഷൻ നടത്തി. മോഹൻദാസിന്റെ ജോലി ജില്ലാ പോലീസിലാണ്. വിജിലൻസിന്റെ ഒരു ഓർഡർ പോലും ഇല്ലാതെയാണ് ഇത്തരത്തിൽ ജോലി ചെയ്യിച്ചിട്ടുള്ളതെന്നും അൻവർ പറഞ്ഞു.

# ഹയർ സെക്കൻഡറി തുല്യതാകോഴ്സ്: മികച്ച വിജയികളെ അനുമോദിച്ചു

ഹയർ സെക്കൻഡറി തുല്യതാകോഴ്സിൽ മികച്ച വിജയം കൈവരിച്ചവരെ സാക്ഷരതാമിഷൻ അനുമോദിച്ചു. ലോക സാക്ഷരതാദിനത്തിൽ അട്ടക്കുളങ്ങര മോഡൽ ഹൈസ്കൂളിൽ നടന്ന സമ്മേളനത്തിലാണ് പഠിതാക്കളെ ആദരിച്ചത്. മലയാളത്തിന് മുഴുവൻ മാർക്കും നേടിയ കലാലയം രാജൻ, ഹരീഷ് കുമാർ ബി എന്നിവരെയാണ് ആദരിച്ചത്.തൈക്കാട് വാർഡ് കൗൺസിലർ മാധവദാസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. തുല്യത അധ്യാപകൻ ഷിഹാബ്, അസിസ്റ്റന്റ് കോർഡിനേറ്റർ കെ.സജിത, സെന്റർ കോർഡിനേറ്റർ വിജയലക്ഷ്മി എന്നിവർ സംസാരിച്ചു.